# മലബാർ

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ സ്ഥിതിചെയ്യുന്ന വന്യജീവി സങ്കേതമാണ് മലബാർ വന്യജീവി സങ്കേതം. 74.21 ച.കി.മീറ്റർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന ഈ പ്രദേശം 2009-ൽ വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചു. കുറ്റിയാടി പുഴ ഈ വന്യജീവി സങ്കേതത്തിലൂടെ ഒഴുകുന്നു. വ്യത്യസ്ഥയിനം വനങ്ങളാലും, സസ്യവൈവിധ്യത്താലും അനുഗ്രഹീതമാണ് ഈ വന്യജീവി സങ്കേതം. കടുവ, ആന, കാട്ടുപോത്ത്, പുള്ളിപ്പുലി ഉൾപ്പെടെ നിരവധി വന്യജീവികളും അനേകം പക്ഷിവർഗ്ഗങ്ങളും, റീഡ് (Reed) തവളയുൾപ്പെടെയുള്ള ഉഭയജീവികൾ, ശുദ്ധജല മത്സ്യങ്ങൾ എന്നിവ ഇവിടെ കാണാം. മലബാർ വൈൽഡ്‌ലൈഫ് ഡിവിഷന്റെ ഭരണ നിയന്ത്രണത്തിലാണ് ഈ സങ്കേതം.

| | | |
|---|---|---|
| വിസ്തീർണ്ണം | - | 74.21 ച.കി.മീറ്റർ |
| വർഷപാതം | - | 3800 -5500 മി.മീറ്റർ |
| ഊഷ്മാവ് | - | $16^0$ - $38^0$C |
| സമുദ്രനിരപ്പിൽനിന്നുള്ള ഉയരം | - | 60-1500 മീറ്റർ |
| സന്ദർശന കാലം | - | നവംബർ - മാർച്ച് |



680 – ഓളം സപുഷ്പികൾ, 34 ഇനം ഇഴ ജന്തുക്കൾ, 38–ൽപ്പരം ഉഭയജീവികൾ, 52 ഇനം ശുദ്ധ ജലമത്സ്യങ്ങൾ, 148 ഇനം ചിത്ര ശലഭങ്ങൾ,51 ഇനം തുമ്പികൾ എന്നിവ ഇവിടെ നിവസിക്കുന്നു. പെരുവണ്ണാമൂഴിയിലാണ് അസ്സി. വൈൽഡ്‌ലൈഫ് വാർഡന്റെ ഓഫീസ്. ഏറ്റവും അടുത്ത ററൗൺ പേരാമ്പ്രയാണ് (15 കി.മീറ്റർ) റെയിൽവേ സ്റ്റേഷൻ വടകരയും (30 കി.മീറ്റർ) എയർപോർട്ട് കോഴിക്കോടുമാണ് (60 കി.മീറ്റർ)

*കൂടുതൽ വിവരങ്ങൾക്ക്*

വൈൽഡ്‌ലൈഫ് വാർഡൻ
മലബാർ വന്യജീവി സങ്കേതം
പെരുവണ്ണാമൂഴി, കോഴിക്കോട്,
മൊബൈൽ: ഫോൺ:9447979073




